**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5098** **02-11-2021 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവും മതിയായ താങ്ങുവില ലഭ്യമാക്കാത്ത അവസ്ഥയും മൂലം പ്രസ്തുത കർഷകർ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (എ) | റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി 2015 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ റബ്ബർ കർഷകർക്ക് കിലോയ്ക്ക് 170 രൂപ താങ്ങുവില നൽകുന്നുണ്ട് |
| (ബി) | നാണ്യവിള മേഖലയിലെ വിലയിടിവും കൃഷിനാശവും മൂലം കടക്കെണിയിലായി കഷ്ടപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പാ ഉൾപ്പെടെ കാർഷിക ലോണുകൾ എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം പ്രകാരം 1 മാർച്ച് 2021 -നും 30 ജൂൺ 2021 -നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30 ന് മുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. ഇത് കൂടാതെ സഹകരണ ബാങ്കുകൾ, കേരള റവന്യൂ ആക്ട് 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് കേരള സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | കേരകർഷകർ വിലയിടിവിൽ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളികേരത്തിന് താങ്ങുവില അടിസ്ഥാനത്തിൽ സംഭരണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പച്ചത്തേങ്ങയുടെ വില സംഭരണ വിലയായ 32 രൂപയേക്കാൾ താഴ്ന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേരഫെഡിനും, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, പൊതുവിപണിയിൽ നാളികേരത്തിന് സംഭരണ |

| | | | |
|---|---|---|---|
| | | | വിലയേക്കാൾ ഉയർന്നവില കർഷകർക്ക് നിലവിൽ ലഭിക്കുന്നതുകൊണ്ട് കേരാഫെഡിന്റെ സംഭരണകേന്ദ്രങ്ങളിൽ, പ്രതീക്ഷിച്ച അളവിൽ, കർഷകർ നാളികേരം എത്തിച്ചിട്ടില്ല. നിലവിൽ, മലപ്പുറം ജില്ലയിൽ പൊന്നാനി, വെളിയംകോട് പഞ്ചായത്തിലെ കോക്കനട്ട് പ്രൊഡ്യൂസ് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കേരഫെഡിന്റെ റീജിയണൽ ഓഫീസ്, തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പഞ്ചായത്തിലെ കേരഫെഡ് സ്റ്റോക്ക് പോയിന്റിലുമാണ് പച്ചത്തേങ്ങ സംഭരണം ഒരുക്കിയിട്ടുള്ളത്. കൂടാതെ സംസ്ഥാന കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ വേങ്ങേരി മൊത്ത വ്യാപാര മാർക്കറ്റ് വഴിയും പച്ചത്തേങ്ങ സംഭരിക്കുന്നു. |

സെക്ഷൻ ഓഫീസർ